# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2435 — 05/02/2018-ൽ മറുപടിക്ക്

### നരുവാംമൂട് കെ.എസ്.ഇ.ബി സബ് ഡിവിഷൻ ഓഫീസ്

| | ചോദ്യം<br><br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാട്ടാക്കട മണ്ഡലത്തിലെ നരുവാംമൂട് കെ.എസ്.ഇ.ബി സബ് ഡിവിഷൻ ഓഫീസിനെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കാട്ടാക്കട മണ്ഡലത്തിലെ നരുവാമൂടിൽ കെ.എസ്.ഇ.ബി സബ്ഡിവിഷൻ ഓഫീസ് നിലവിലില്ല. അവിടെയൊരു സബ് എഞ്ചിനീയർ ഓഫീസും അനുബന്ധമായി ക്യാഷ് കളക്ഷൻ സെന്ററും പ്രവർത്തിച്ച് വരുന്നു. |
| (ബി) | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസായി പരിഗണിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളുണ്ടെങ്കിൽ ആയത് വിശദമാക്കാമോ ? | (ബി) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ